**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ**
ചോദ്യം നമ്പർ. 594 28/09/2016-ൽ മറുപടിയ്ക്ക്.

**പാലിന്റെ ഗുണനിലവാരം ഉറപ്പു വരുത്താൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൃത്രിമ പാൽ വിതരണം ചെയ്യുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | സംസ്ഥാനം പാൽ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; | (ബി) | സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിതീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്മെൻറ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡയറി ഡവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിതസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. |
| (സി) | ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | (സി) | സ്വീകരിക്കും. ക്ഷീരസംഘങ്ങൾ മുഖേന സംഭരിയ്ക്കുന്ന പാലിന് ലിറ്ററിന് ഒരു രൂപ ക്രമത്തിൽ ഇൻസെന്റീവ് നൽകുന്നു. ക്ഷീരകർഷകർക്ക് MSDP, IDDP പദ്ധതിയിൽ ഉൾപ്പെടുത്തി കറവ പശുക്കൾ, കിടാരികൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായവും നൽകിവരുന്നു. ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി തീറ്റപ്പുൽക്കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിവരുന്നു. ക്ഷീരകർഷക ക്ഷേമനിധി പ്രവർത്തനങ്ങൾ കൂടുതൽ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ |

സ്ഥാപനങ്ങൾ മുഖേനയും വിവിധ പദ്ധതികൾ ക്ഷീരകർഷകരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്നു.

| | | | |
|---|---|---|---|
| (ഡി) | വിതരണം ചെയ്യപ്പെടുന്ന പാലിന്റെ ഗുണ നിലവാരം ഉറപ്പു വരുത്താൻ ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളത്; | (ഡി) | സംസ്ഥാനത്ത് 14 ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന വിപണിയിൽ ലഭ്യമായ വിവിധയിനം പാൽ സാമ്പിളുകൾ സ്ഥിരമായി പരിശോധിച്ചു വരുന്നു. പ്രാഥമിക ക്ഷീര സംഘങ്ങളിൽ സംഭരിയ്ക്കുന്ന പാലിന്റെ ഗുണ നിലവാരം ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തി വേണ്ട നിർദ്ദേശങ്ങൾ നടത്തി വരുന്നുണ്ട്. പൊതുജനങ്ങൾക്ക് അവർ ഉപയോഗിക്കുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ലാബുകളിൽ സംവിധാനം നിലവിലുണ്ട്. ഇതര സംസ്ഥാനത്തു നിന്നും കൊണ്ടു വരുന്ന മുഴുവൻ പാലിന്റെയും ഗുണമേന്മ ഉറപ്പുവരുത്താൻ ഓണക്കാലത്ത് താൽക്കാലികമായ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് പരിശോധന നടത്തുന്നുണ്ട്. |
| (ഇ) | ഇത് വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ? | (ഇ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ചെക്ക് പോസ്റ്റുകളിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ.